**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2807** **22-01-2021 - ൽ മറുപടിയ്ക്ക്**

**പമ്പ ജലസേചന പദ്ധതിയുടെ ഭാഗമായ കനാലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഹരിപ്പാട്, മാവേലിക്കര, ചെങ്ങന്നൂർ, കായംകുളം പ്രദേശങ്ങൾ ചേർന്ന ഓണാട്ടുകരയിലെ കൃഷിക്കാർക്ക് ജലസേചനത്തിനായി ആവിഷ്കരിച്ച പമ്പ ജലസേചന പദ്ധതിയുടെ ഭാഗമായ പ്രധാനകനാലും, സബ് കനാലുകളും കാലാകാലങ്ങളിൽ വൃത്തിയാക്കാത്തതുമൂലം ജലസേചനം മുടങ്ങി പാടങ്ങൾ വിണ്ടുകീറുന്ന അവസ്ഥ സംജാതമായിട്ടുണ്ടോ; | (എ) | മുൻകാലങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കനാലുകൾ വൃത്തിയാക്കി വന്നിരുന്നത്. MNREGS ൻറെ വാർഷിക സർക്കുലറിലെ നിബന്ധന പ്രകാരം വാർഷിക അറ്റകുറ്റപ്പണികളും ആവർത്തന സ്വഭാവമുള്ള പ്രവൃത്തികളും ചെയ്യുന്നതിന് കഴിയാത്തതിനാൽ ഈ വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കനാലുകൾ വൃത്തിയാക്കാൻ സാധിച്ചിട്ടില്ല. കൃഷി ഓഫീസർമാർ ആവശ്യപ്പെടുന്ന ഇടങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കനാൽ വൃത്തിയാക്കി ജലം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. മാവേലിക്കര സബ് ഡിവിഷന്റെ അധീനതയിലുള്ള ഓഫീസ് നിർത്തലാക്കിയതും ജീവനക്കാർ ഇല്ലാത്തതും ഫണ്ടിന്റെ ലഭ്യത കുറവും എല്ലാം പൂർണ്ണമായും പ്രവർത്തനം നടത്തുന്നതിന് തടസ്സമാകുന്നുണ്ട്. Annual Maintenance 2020-21 Action Plan - ൽ ഉൾപ്പെടുത്തി കനാലുകൾ വൃത്തിയാക്കുന്നതിന് 70.37 ലക്ഷം രൂപയ്ക്ക് അനുമതി നൽകുകയും പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കൃഷി ആഫീസർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് കനാലുകൾ വൃത്തിയാക്കി ജലം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഫണ്ടിന്റെ ദൗർലഭ്യം കൊണ്ടാണ് കനാലുകൾ വൃത്തിയാക്കാത്തതെന്നതിനാൽ ഫണ്ട് അനുവദിച്ച് പ്രസ്തുത പ്രദേശത്ത് ജലം എത്തിക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | മുൻകാലങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കനാലുകൾ വൃത്തിയാക്കി വന്നിരുന്നത്. MNREGS ൻറെ വാർഷിക സർക്കുലറിലെ നിബന്ധന പ്രകാരം വാർഷിക അറ്റകുറ്റപ്പണികളും ആവർത്തന സ്വഭാവമുള്ള പ്രവൃത്തികളും ചെയ്യുന്നതിന് കഴിയാത്തതിനാൽ ഈ വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കനാലുകൾ വൃത്തിയാക്കാൻ സാധിച്ചിട്ടില്ല. കൃഷി ഓഫീസർമാർ ആവശ്യപ്പെടുന്ന ഇടങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കനാൽ വൃത്തിയാക്കി |

| | | | |
|---|---|---|---|
| | | | ജലം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. മാവേലിക്കര സബ് ഡിവിഷന്റെ അധീനതയിലുള്ള ഓഫീസ് നിർത്തലാക്കിയതും ജീവനക്കാർ ഇല്ലാത്തതും ഫണ്ടിന്റെ ലഭ്യത കുറവും എല്ലാം പൂർണ്ണമായും പ്രവർത്തനം നടത്തുന്നതിന് തടസ്സമാകുന്നുണ്ട്. Annual Maintenance 2020-21 Action Plan - ൽ ഉൾപ്പെടുത്തി കനാലുകൾ വൃത്തിയാക്കുന്നതിന് 70.37 ലക്ഷം രൂപയ്ക്ക് അനുമതി നൽകുകയും പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കൃഷി ആഫീസർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് കനാലുകൾ വൃത്തിയാക്കി ജലം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ